# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 323. 13.10.2011 ൽ മറുപടിയ്ക്ക്**

**മാവോയ്സ്റ്റ് തീവ്രവാദം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ ഷാഫി പറമ്പിൽ :**<br>**ശ്രീ അൻവർ സാദത്ത് :**<br>**ശ്രീ ഹൈബി ഈഡൻ :**<br>**ശ്രീ പി. എ. മാധവൻ :** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്ത് മാവോയ്സ്റ്റ് തീവ്രവാദികളുടെ പ്രവർത്തനം ശക്തിപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സംസ്ഥാനത്തെ വടക്കൻ വന മേഖലകൾ മാവോയിസ്റ്റ് തീവ്രവാദികൾ അവരുടെ പ്രവർത്തന കേന്ദ്രമായി തെരഞ്ഞെടുക്കാനുള്ള സാദ്ധ്യത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ആയത് തടയാൻ എന്തെല്ലാം കർശന നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്ത് മാവോയിസ്റ്റ് തീവ്രവാദ പ്രവർത്തനം നടക്കുന്നുണ്ടോയെന്ന് പോലീസും രഹസ്യാന്വേഷണ വിഭാഗവും ശ്രദ്ധാപൂർവ്വം നിരീക്ഷിച്ചു വരുന്നു. ഇതിലേക്ക് പ്രത്യേകമായി ആഭ്യന്തര സുരക്ഷാ വിഭാഗവും ഇത്തരത്തിലുള്ള കേസുകളുടെ അന്വേഷണം കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗവും രൂപീകരിച്ചിട്ടുണ്ട്. |
| സി) ആദിവാസി മേഖലകളിൽ നടക്കുന്ന ചൂഷണം മുതലെടുത്താണ് തീവ്രവാദി സംഘടനകൾ ചുവടുറപ്പിച്ചിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ആദിവാസി മേഖലകളിൽ നടക്കുന്ന ചൂഷണം മുതലെടുത്താണ് സാധാരണയായി തീവ്രവാദ സംഘടനകൾ ചുവടുറപ്പിക്കാറുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) എങ്കിൽ ഈ ചൂഷണം തടയാൻ എന്തൊക്കെ നിർദ്ദേശങ്ങളാണ് പോലീസ് അധികാരികൾക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഡി) ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളെ സസൂക്ഷ്മം നിരീക്ഷിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ